"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - M/s Chemind, Thrissur എന്ന സ്ഥാപനത്തിന് EMD & Security Deposit തിരികെ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/F&P തീയതി,തിരുവനന്തപുരം, 26-05-2026

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 23/03/2026-തീയതിയിലെ DFTVM/3525/2024-C2 നമ്പർ കത്ത്.

**ഉത്തരവ്**

പീച്ചി ഗവ. ഫിഷ് സീഡ് ഹാച്ചറിയിൽ Live Fish Food Unit സ്ഥാപിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ പങ്കെടുത്ത M/s Chemind, Thrissur എന്ന സ്ഥാപനം അടവാക്കിയ Rs. 18,750/- രൂപ (EMD – RS 8,750/- & Security Deposit – RS. 10,000/-) നടപ്പ് സാമ്പത്തിക വർഷത്തിലെ '2405-00-101-87-34-P' ശീർഷകത്തിൽ നിന്നും തിരികെ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പീച്ചി ഗവ. ഫിഷ് സീഡ് ഹാച്ചറിയിൽ Live Fish Food Unit സ്ഥാപിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ പങ്കെടുത്ത M/s Chemind, Thrissur എന്ന സ്ഥാപനം EMD, Security Deposit എന്നീ ഇനങ്ങളിൽ അടവാക്കിയ തുകയുടെ കൃത്യതയും, പ്രസ്തുത തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടോ എന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ടി സ്ഥാപനത്തിന് EMD & Security Deposit ഇനങ്ങളിൽ അടവാക്കിയ 18,750/- (പതിനെണ്ണായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) തിരികെ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju
Date: 26-05-2026 15:15:08
സെക്ഷൻ ഓഫീസർ

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(3464375/WCD-2/122/2026-FIN തീയതി, 15/05/2026 പ്രകാരം )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.